# പാഠം 12: ഇസ്രയേലിന്റെ പ്രാർത്ഥനകളും ബലികളും

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | എന്താണ് പ്രാർത്ഥന? | ദൈവവുമായുള്ള സംഭാഷണമാണ് പ്രാർത്ഥന. ദൈവത്തെ മഹത്വപ്പെടുത്താനായി നടത്തുന്ന സ്തുതികളും ആരാധനയും പ്രാർത്ഥനയിൽ ഉൾപ്പെടുന്നു. ദൈവത്തോടുള്ള അപേക്ഷകളും പ്രാർത്ഥനയുടെ ഭാഗമാണ്. |
| 2 | ..................... കേന്ദ്രീകരിച്ചാണ് ഇസ്രായേൽജനത്തിന്റെ ആരാധനാജീവിതം പ്രധാനമായും നിലനിന്നിരുന്നത്. | ദൈവാലയത്തെ |
| 3 | ഇസ്രായേൽജനതയുടെ മധ്യത്തിലെ ദൈവത്തിന്റെ സാന്നിദ്ധ്യമായിരുന്നു ...................... | വാഗ്ദാനപേടകം. |
| 4 | വാഗ്ദാനപേടകം സ്ഥാപിച്ച സ്ഥലങ്ങൾ ഏതെല്ലാം? | ഗിൽഗാൽ, ബഥേൽ, ഷീലോഹ എന്നി സ്ഥലങ്ങൾ |
| 5 | വാഗ്ദാനപേടകത്തിന് യോജിച്ച വിധത്തിൽ ഒരു ദൈവാലയം നിർമ്മിക്കണമെന്ന് രാജാവായ ദാവീദ് ആഗ്രഹിച്ചെങ്കിലും ദൈവാലയം നിർമ്മിക്കാനുള്ള അനുഗ്രഹം ദൈവം നൽകിയത് ആർക്കാണ്? | ദാവീദിന്റെ പുത്രനായ സോളമന് |
| 6 | എത്ര വർഷം കൊണ്ടാണ് സോളമൻ ജറുസലേമിലെ ദൈവാലയം പൂർത്തിയാക്കിയത്. | ഏഴുവർഷം കൊണ്ട് |
| 7 | (1) ജറുസലേം ദൈവാലയത്തിന്റെ പ്രാധാന്യമെന്ത്? | ഇസ്രായേൽജനത്തിന് ദൈവാരാധനയ്ക്കും വിശ്വാസപ്രകടനത്തിനുമുള്ള കേന്ദ്രമായിരുന്നു ജറുസലേം ദൈവാലയം. ഇസ്രായേൽജനത്തിന് സാന്നിധ്യമേകാൻ ദൈവം തെരഞ്ഞെടുത്ത സ്ഥലമാണ് ആ ദൈവലയം. ഇസ്രായേൽക്കാരുടെ ജീവിതത്തിൽ ദൈവാലയത്തിന് അതീവപ്രാധാന്യം ഉണ്ടായിരുന്നു. |
| 8 | (2) സിനഗോഗ് എന്ന പേരുണ്ടായതെങ്ങനെ? | ഒന്നിച്ചുകൂടുക എന്നർത്ഥമുള്ള സുനാഗോ എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് സിനഗോഗ് എന്ന പേരുണ്ടായത്. |
| 9 | എവിടെയാണ് സിനഗോഗുകൾ സ്ഥാപിച്ചിരുന്നത്? | നഗരത്തിലെ പ്രധാന സ്ഥലത്തോ അല്പം ഉയർന്ന സ്ഥലത്തോ ആണ് സിനഗോഗുകൾ സ്ഥാപിച്ചിരുന്നത്. വിശുദ്ധ നഗരമായ ജറുസലേമിന് അഭിമുഖമായിട്ടാണ് ഇവ പണിതിരുന്നത്. |
| 10 | ഇസ്രായേൽജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ രൂപംകൊണ്ട പ്രാർത്ഥനാഗീതങ്ങളാണ് .................. | സങ്കീർത്തനങ്ങൾ. |
| 11 | വിശുദ്ധഗ്രന്ഥത്തിൽ ആകെ എത്ര സങ്കീർത്തനങ്ങളാണ് ഉള്ളത്? | നൂറ്റിയമ്പതു സങ്കീർത്തനൾ. |
| 12 | (3) ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ എത്രയായിത്തിരിക്കാം? | ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ സ്തുതിഗീതങ്ങൾ, വിലാപകീർത്തനങ്ങൾ, കൃതജ്ഞതാകീർത്തനങ്ങൾ എന്നിങ്ങനെ മൂന്നു ഗണങ്ങളായി തിരിച്ചിരിക്കുന്നു. |
| 13 | (4) ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് ഇസ്രായേൽക്കാർ ബലിയർപ്പിച്ചിരുന്നത്? | ദൈവത്തിന് ആരാധനയും സ്തുതിയും അർപ്പിക്കുന്നതിനും അവിടുന്ന് നൽകിയ അനുഗ്രഹങ്ങൾക്ക് കൃതജ്ഞത അർപ്പിക്കുന്നതിനും ചെയ്തുപോയ തെറ്റുകൾക്ക് പരിഹാരം അനുഷ്ഠിക്കുന്നതിനും ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുമായിട്ടാണ് അവർ ബലികൾ അർപ്പിച്ചിരുന്നത്. |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 14 | ഇസ്രായേൽക്കാർ നടത്തിയിരുന്ന ബലികൾ ഏതെല്ലാം? | സമാധാനബലി, പാപപരിഹാരബലി, പ്രായശ്ചിത്ത ബലി എന്നിങ്ങനെ പലതരം ബലികൾ ഇസ്രായേൽക്കാർ നടത്തിയിരുന്നു. |
| 15 | എല്ലാം സൃഷ്ടിച്ച ദൈവത്തിന് മനുഷ്യൻ അർപ്പിക്കുന്ന ............... ആണ് ബലി. | ആരാധന |
| 16 | ബലിയുടെ മഹത്ത്വം അടങ്ങിയിരിക്കുന്നത് എന്തിലാണ്? | എത്ര ബലികൾ അർപ്പിക്കുന്നുവെന്നതിലല്ല, എന്തു മനോഭാവത്തോടെ ബലിയർപ്പിക്കുന്നു എന്നതിലാണ് ബലിയുടെ മഹത്ത്വം. |
| 17 | സാബത്ത് എന്ന ഹീബ്രുപദത്തിന്റെ അർത്ഥം എന്താണ്? | വിശ്രമിക്കുക അഥവാ വിരാമമിടുക |
| 18 | എന്താണ് സാബത്ത്? എങ്ങനെയാണ് സാബത്ത് ആചരിക്കേണ്ടത്? | എല്ലാ ജോലികളിലും നിന്ന് അകന്ന് ദൈവശുശ്രൂഷയ്ക്കായി മാറ്റിവച്ചിരിക്കുന്ന ദിവസമാണ് സാബത്ത്. ആറു ദിവസം കൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം ദൈവം വിശ്രമിച്ചതിനെ അനുസ്മരിച്ചുകൊണ്ടാണ് ആഴ്ചയുടെ അവസാനം ഇസ്രായേൽക്കാർ സാബത്തായി ആചരിച്ചിരുന്നത്. മോശവഴി നൽകിയ പ്രമാണങ്ങളിൽ ദൈവം ഇങ്ങനെ നിർദ്ദേശിച്ചു. സാബത്ത് വിശുദ്ധ ദിനമായി ആചരിക്കണമെന്ന് ഓർമ്മിക്കുക. ആറു ദിവസം അദ്ധ്വാനിക്കുക, എല്ലാ ജോലികളും ചെയ്യുക. എന്നാൽ ഏഴാം ദിവസം ഒരു വേലയും ചെയ്യരുത്. |
| 19 | എന്താണ് ജൂബിലി ആചരണം? | ആറു വർഷത്തെ വിതയ്ക്കലിനും കൊയ്ത്തിനും ശേഷം ഏഴാം വർഷം സാബത്ത് വർഷമായി ആചരിക്കുന്നു. ഏഴു സാബത്തു വർഷങ്ങൾ കഴിഞ്ഞുവരുന്ന വർഷം അതായത് അമ്പതാം വർഷം ജൂബിലി വർഷമാണ്. അതു വിശുദ്ധമായിരിക്കണം ഭൂമി ദൈവത്തിന്റേതാണെന്നും ജനതകളുടെ ഇടയിൽ സാഹോദര്യം നിലനിൽക്കണമെന്നും ജൂബിലിയാചരണം അവരെ ഓർമ്മപ്പെടുത്തിയിരുന്നു. |
| 20 | എന്താണ് ദൈവാലയം? | ദൈവാരാധനയ്ക്കുള്ള സ്ഥലമാണ് ദൈവാലയം. ദൈവസാന്നിദ്ധ്യത്തിന്റെ അടയാളങ്ങളാണ് ദൈവാലയങ്ങൾ. വിശുദ്ധ കർബാനയും മറ്റു തിരുക്കർമ്മങ്ങളും അർപ്പിക്കുന്നത് ദൈവാലയത്തിലാണ്. |
| 21 | സഭയിൽ സാബത്തിനായി ആചരിക്കുന്നത് എന്നാണ്? | ആഴ്ചയുടെ ആദ്യദിനമായ ഞായറാഴ്ചയാണ്. |
| 22 | (5) ഞായറാഴ്ച ദിവസം വിശുദ്ധമായി ആചരിക്കേണ്ടതെങ്ങനെ? | ഈശോ ഞായറാഴ്ച ഉയിർത്തെഴുന്നേറ്റതിനെ അനുസ്മരിച്ചുകൊണ്ടാണ് ക്രൈസ്തവർ ആ ദിവസം വിശുദ്ധദിനമായി കണക്കാക്കുന്നത്. ഇടവക ദൈവാലയത്തിൽ പോയി ദിവ്യബലിയിൽ പങ്കെടുത്തും പരസ്നേഹ പ്രവൃത്തികളിൽ ഏർപ്പെട്ടുമാണ് ഞായറാഴ്ച ദിവസം ആചരിക്കേണ്ടത്. ഈശോയെക്കുറിച്ചും സഭയെക്കുറിച്ചും പഠിക്കാനുള്ള ദിവസം കൂടിയാണിത്. |
| 23 | എങ്ങനെ നമുക്ക് ഈശോയുടെ ശിഷ്യരായിത്തീരാം? | സഭയുടെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പങ്കുകൊള്ളുമ്പോൾ, ഈശോയുടെ കല്പന അനുസരിക്കാൻ നാം പ്രാപ്തരാകും. അങ്ങനെ നമുക്ക് ഈശോയുടെ ശിഷ്യരായിത്തീരാം. |